**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1980** — **03-03-2025 - ൽ മറുപടിയ്ക്ക്**

**മദ്യ നിർമാണ യൂണിറ്റ് തുടങ്ങാൻ പാരിസ്ഥിതിക അനുമതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പി. അനിൽ കുമാർ ,<br>ശ്രീ. പി. സി. വിഷ്ണുനാഥ്,<br>ശ്രീമതി കെ. കെ. രമ,<br>ശ്രീ. ടി. ജെ. വിനോദ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് ആസ്ഥാനമായി ഒയാസിസ് കമ്പനിക്ക് മദ്യ നിർമാണ യൂണിറ്റ് തുടങ്ങാൻ പാരിസ്ഥിതിക അനുമതി നൽകിയിട്ടുണ്ടോ; | (എ) | EIA നോട്ടിഫിക്കേഷൻ 2006 ലെ ഷെഡ്യൂൾ പ്രകാരം കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയമോ, സ്റ്റേറ്റ് എൻവയോൺമെന്റ് ഇംപാക്റ്റ് അതോറിറ്റിയോ ആണ് പാരിസ്ഥിതിക അനുമതി നൽകുന്നത്. ഒയാസിസ് കമ്പനിക്ക് മദ്യ നിർമ്മാണ യൂണിറ്റ് തുടങ്ങാൻ പാരിസ്ഥിതികാനുമതിയ്ക്കായുളള അപേക്ഷകൾ ഒന്നും തന്നെ സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റിയിൽ ലഭിച്ചിട്ടില്ല. |
| (ബി) | ഒയാസിസ് കമ്പനിക്ക് മദ്യ നിർമാണ യൂണിറ്റ് തുടങ്ങാൻ അനുമതി നൽകുന്നതിന് മുൻപ് സംസ്ഥാന സർക്കാർ പാരിസ്ഥിതിക ആഘാത പഠനം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ; | (ബി) | ബാധകമല്ല. |
| (സി) | ഉണ്ടെങ്കിൽ പാരിസ്ഥിതിക ആഘാത പഠനത്തിലെ കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ? | (സി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ